# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 706

24.01.2018- ൽ മറുപടിയ്ക്ക്

## സഹകരണമേഖലയിലെ നിയമനങ്ങൾ

**ചോദ്യം**

**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിലും ആശുപത്രികളിലും എഞ്ചിനീയറിംഗ് കോളേജുകളിലും സഹകരണ ട്രെയിനിംഗ് സ്ഥാപനങ്ങളിലും 2016 ജനുവരി മുതൽ നടന്ന നേരിട്ടുള്ള നിയമനങ്ങൾ സംബന്ധിച്ച് വ്യക്തമാക്കുമോ; പി.എസ്.സി. വഴി അല്ലാതെയുള്ള നിയമനങ്ങൾ ഓരോ സ്ഥാപനത്തിലും എത്രവീതം നടന്നിട്ടുണ്ട്;

**(എ)** പി എസ് സി വഴി അല്ലാതെ ഓരോ സ്ഥാപനത്തിലെയും നിയമനങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | നിയമനങ്ങളുടെ എണ്ണം |
|---|---|---|
| 1. | അപ്പക്സ് സ്ഥാപനങ്ങൾ | 30 |
| 2. | ജില്ലാ സഹകരണ ബാങ്കുകൾ | 69 |
| 3. | എൻജിനീയറിംഗ് കോളേജുകൾ | 38 |
| 4. | ട്രൈനിംഗ് സ്ഥാപനങ്ങൾ (സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിലുള്ളവ) | 22 |
| 5. | ആശുപത്രി സംഘങ്ങൾ | 599 |
| 6. | മറ്റ് സഹകരണ സ്ഥാപനങ്ങൾ | 2629 |

ബി) ഈ നിയമനങ്ങളിൽ സംവരണം പാലിച്ചിട്ടില്ലെന്ന ആക്ഷേപം പരിശോധിക്കുമോ;

**(ബി)** പരാതികൾ ലഭിച്ചാൽ പരിശോധിക്കുന്നതാണ്.

സി) സഹകരണമേഖലയിൽ പി.എസ്.സി വഴി നിയമനം നടത്തുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണ്; പി.എസ്.സി. മുഖേന യല്ലാതെ സഹകരണ ബോർഡ് നടത്തുന്ന നിയമനങ്ങൾ ഏതെല്ലാം സ്ഥാപനങ്ങളിലാണെന്ന് വ്യക്തമാക്കുമോ;

**(സി)** കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ , കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയാണ് സഹകരണ മേഖലയിൽ പി എസ് സി വഴി നിയമനം നടത്തുന്ന സ്ഥാപനങ്ങൾ.

സംസ്ഥാന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ പ്രാഥമിക വായ്പാ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക

| | | |
|---|---|---|
| | | കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നീ സഹകരണ സ്ഥാപനങ്ങളിൽ നേരിട്ട് നിയമനം നടത്തപ്പെടുന്ന ജൂനിയർ ക്ലർക്ക് മുതൽ മുകളിലേയ്ക്കുള്ള എല്ലാ തസ്തികകളിലേയ്ക്കുമുള്ള നിയമനങ്ങളാണ് സഹകരണ പരീക്ഷ ബോർഡ് വഴി നടത്തുന്നത്. |
| ഡി) | പി.എസ്.സി.യും സഹകരണ ബോർഡും **(ഡി)** അല്ലാതെ മറ്റ് ഏജൻസികൾ സഹകരണ മേഖലയിലെ എത്ര സ്ഥാപനങ്ങൾക്കുവേണ്ടി പരീക്ഷ നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | സംസ്ഥാനത്തെ 3629 (മൂവായിരത്തി അറുന്നൂറ്റി ഇരുപത്തിഒമ്പത്) സഹകരണ സ്ഥാപനങ്ങളിലെ ക്ലർക്ക് തസ്തികകൾക്ക് താഴെയുള്ള തസ്തികകളിലെ നിയമനങ്ങളും 8307 സ്ഥാപനങ്ങളിലെ എല്ലാ തസ്തികകളിലെ നിയമനങ്ങളും മറ്റ് ഏജൻസി വഴി ഭരണസമിതി നേരിട്ടാണ് നിയമനം നടത്തി വരുന്നത്. |

**സെക്ഷൻ ഓഫീസർ**